പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 357 — 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ക്ഷാമവും വിതരണ നിയന്ത്രണവും.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താണി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനം വൈദ്യുതി ക്ഷാമത്തിലേയ്ക്ക് നീങ്ങുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. കേരളത്തിലെ ജലവൈദ്യുതി നിലയങ്ങൾക്ക് 6958 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. കേന്ദ്രപൂളിൽ നിന്നും 8985 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭ്യമാണ്. ആവശ്യകത 20227 ദശലക്ഷം യൂണിറ്റായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കി വരുന്ന ആവശ്യകത നികത്തുന്നതിനുവേണ്ടി 4284 ദശലക്ഷം യൂണിറ്റ് കൂടിയ നിരക്കിലുള്ള വൈദ്യുതി പുറമേനിന്ന് വാങ്ങി വിതരണം ചെയ്യേണ്ടിവരുന്നു. |
| (ബി) | ഇപ്പോഴത്തെ സാഹചര്യത്തിൽ അടുത്ത മഴക്കാലം വരെയുള്ള ഉപയോഗത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം നമ്മുടെ എല്ലാ ജലസംഭരണികളിലുമായി ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | 01-03-2012-ലെ കണക്കനുസരിച്ച് 2228.3 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ജലം ലഭ്യമാണ്. നീരൊഴുക്കുകൂടി കണക്കിലെടുത്ത് പ്രതിദിനം 22 ദശലക്ഷം യൂണിറ്റ് നിരക്കിൽ മെയ് 31 വരെ ഉല്പാദനം നടത്തുവാനും, ജൂൺ മുതൽ 550 ദശലക്ഷം യൂണിറ്റ്, മഴതുടങ്ങുന്നതുവരെ കരുതലായിട്ടുവയ്ക്കുവാനും ഈ ജലം മതിയാവുന്നതാണ്. |
| (സി) | ഭീമമായ വിലയ്ക്ക് വൈദ്യുതി വാങ്ങി തുച്ഛമായ വിലയ്ക്ക് വിതരണം ചെയ്യേണ്ടിവരുന്നത് ബോർഡിനെ സാമ്പത്തിക | (സി) & (ഡി) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം, ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 62 പ്രകാരം സംസ്ഥാന |

പ്രതിസന്ധിയിലാക്കുമോ ;

(ഡി) എങ്കിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതും വിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതുമായ കാര്യങ്ങൾ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേര ളത്തിലെ വർദ്ധിച്ച തോതിലുള്ള ഉപയോഗത്തിനനുസരിച്ച് താങ്ങാവുന്ന നിരക്കിലുള്ള വൈദ്യുതി ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് വൈദ്യുതി വിതരണത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ബോർഡ് റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. ഗാർഹികം, കാർഷികം, അനാഥാലയങ്ങൾ, പൊതുവിളക്കുകൾ എന്നിവ ഒഴികെയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് മുൻവർഷത്തെ ശരാശരി ഉപയോഗത്തിൻെറ 85 ശതമാനം വരെയുള്ള ഉപയോഗത്തിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ ബാധകമാക്കണമെന്നും അതിനു മുകളിലുള്ള ഉപയോഗത്തിന് അധിക വില നൽകി വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ യഥാർത്ഥ നിരക്ക് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 300 യൂണിറ്റ് വരെ റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്ന നിരക്കിൽ അനുവദിക്കാവുന്നതും അതിനു മുകളിലുള്ള ഉപയോഗത്തിന് യഥാർത്ഥ നിരക്ക് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.